ഭരണഭാഷ-മാതൃഭാഷ

രജി./എ.ഡി

SWTDHO/207/2023-S1

സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്,
ആലപ്പുഴ,തീയതി:01-09-2025
PHONE : 0477-2252015
e-mail-directorswtd@gmail.com

# ഉത്തരവ്

വിഷയം: സംസ്ഥാന ജലഗതാഗത വകുപ്പ്-അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ശ്രീ.സുജിത്.പി.ആർ,ബോട്ട് ഡ്രൈവർ (കെ.ഐ.വി.നം:1208)നെതിരായ ശിക്ഷാ നടപടി - സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:
1. 06.02.2023 -ലെ സ്റ്റേഷൻ മാസ്റ്റർ നെടുമുടിയുടെ റിപ്പോർട്ട്.
2. 20.02.2023 -ലെ മേൽ നമ്പർ മെമ്മോ.
3. 06.05.2023 -ലെ മേൽ നമ്പർ കുറ്റാരോപണ മെമ്മോ.
4. 02.12.2023-ലെ മേൽ നമ്പർ കാരണംകാണിയ്ക്കൽ നോട്ടീസ്.
5. 15-03-2023-ലെ ഹിയറിങ് നോട്ടീസ്.

വകുപ്പിൽ 09.02.2017 മുതൽ ബോട്ട് ഡ്രൈവർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.സുജിത്.പി.ആർ 13.12.2022 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ലായെന്ന് സൂചന 1 പ്രകാരം റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന രണ്ട്, മൂന്ന്, നാല് പ്രകാരം മെമ്മോ, കുറ്റാരോപണ മെമ്മോ, കാരണം കാണിക്കൽ നോട്ടീസ് എന്നിവ വകുപ്പിൽ നിന്നും രജിസ്റ്റേർഡ് കത്തായി അയച്ചെങ്കിലും പ്രസ്തുത രജിസ്റ്റേർഡ് കത്തുകൾ കൈപ്പറ്റിയിട്ടും നാളിതുവരെ താങ്കൾ മറുപടി ഹാജരാക്കുകയോ ജോലിക്ക് ഹാജരാകുകയോ ചെയ്തിട്ടില്ല. ആയതിനാൽ വകുപ്പ് നടപടിയുടെ ഭാഗമായി താങ്കളെ നേരിൽ കേൾക്കുന്നതിനായി സൂചന അഞ്ചു പ്രകാരം നോട്ടീസ് നല്കിയെങ്കിലും നേരിൽ ഹാജരാകാൻ നിങ്ങൾ തയ്യാറായിട്ടില്ല . പിന്നീട് ഫോൺ മുഖാന്തിരം പല പലപ്രാവിശ്യം ജോലിക്ക് ഹാജരാകാൻ നിർദ്ദേശിച്ചിട്ടും നിങ്ങൾ വകുപ്പിന്റെ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ട് സർക്കാരുദ്യോഗസ്ഥന്റെ പെരുമാറ്റച്ചട്ടം ലംഘിച്ചു. ഇപ്രകാരം അനുവാദം കൂടാതെ ജോലിയ്ക്ക് അനധികൃതമായി ഹാജരാകാതിരിയ്ക്കുന്നത് ഗുരുതരമായ അച്ചടക്കലംഘനമാണ്.

ടി സാഹചര്യത്തിൽ ദീർഘകാലമായി അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്ന ശ്രീ.സുജിത്.പി.ആർ, ബോട്ട് ഡ്രൈവറെ 1960-ലെ കേരള

സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

( ഒപ്പ്)

ഡയറക്ടർ

ടു: ശ്രീ.സുജിത്.പി.ആർ, ബോട്ട് ഡ്രൈവർ,
പുതുപ്പറമ്പിൽ, നെഹ്റു ട്രോഫി വാർഡ്.
അവലൂക്കുന്ന്. പി.ഒ. ആലപ്പുഴ.

പകർപ്പ്:-

1. സെക്രട്ടറി,ഗതാഗത (ഡി) വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
3. ഫിനാൻസ് ഓഫീസർ
4. മെക്കാനിക്കൽ എഞ്ചിനീയർ, ഡോക്ക് ആൻ്റ് റിപ്പയർ ആലപ്പുഴ
5. സീനിയർ സൂപ്രണ്ട് - ഭരണം, ആഡിറ്റ്, ചങ്ങനാശ്ശേരി, എറണാകുളം
6. ജൂനിയർ സൂപ്രണ്ട് - കൊല്ലം/പയ്യന്നൂർ/ഇ/എഫ്
7. ട്രാഫിക് സൂപ്രണ്ട് -എറണാകുളം /ആലപ്പുഴ
8. അസിസ്റ്റന്റ് വർക്ക് മാനേജർ,തേവര
9. ഇ1,ഇ2-സീറ്റ് (ടിയാളുടെ സേവനപുസ്തകത്തിൽ പതിക്കുന്നതിന്)
10. എഫ്1- സീറ്റ്
11. സി.എ. ടു ഡയറക്ടർ
12. എല്ലാ സ്റ്റേഷൻ മാസ്റ്ററന്മാർക്കും

10\. കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

Signed by Subhamol C S
Date: 01-09-2025 15:18:24
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്